132 (2445) പ്രവാസി കേരളീയ ഏജൻസി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമ ഏജൻസി പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഏജൻസിയുടെ (നോർക്ക) പ്രവർത്തനത്തിനായി നടപ്പ് സാമ്പത്തികവർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഇതുവരെയായി പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികൾ നോർക്ക മുഖേന നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രവാസി കേരളീയ ക്ഷേമ ഏജൻസി (നോർക്ക) മുഖേന ഇനിയും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 20.07.1998-ൽ.

(ബി) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസി (നോർക്ക)ക്ക് ഗ്രാന്റ് ഇൻ എയ്ഡായി അഞ്ച് ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(സി) പ്രവാസി കേരളീയരുടെ പുനരധിവാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവാസി സംഗമങ്ങൾ സംഘടിപ്പിക്കുകയും പ്രവാസി സംഘങ്ങൾ രൂപീകരിക്കയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളികളുടെ പങ്കാളിത്തത്തോടെ രൂപപ്പെട്ടുവരുന്ന സ്വാഭാവിക മുൻഗണനാ മേഖലകൾ കണ്ടെത്താനും പ്രവാസികളുടെ നിക്ഷേപം സൃഷ്ടിപരമായ മേഖലകളിൽ എത്തിക്കാനും തിരിച്ചെത്തുന്ന വിദേശ മലയാളികളെ പുനരധിവസിപ്പിക്കാനും പ്രവാസി സംഘങ്ങളെന്ന സ്വാശ്രയ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രവാസി കേരളീയർക്കായി ഒരു പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം ഏജൻസിയുടെ പരിഗണനയിലാണ്. ഇപ്പോൾ പ്രവാസി സംഘങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത ആറു ജില്ലകളിൽ കൂടി സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിലെ വികസന പ്രക്രിയ വിശകലനം ചെയ്ത് അവിടെ തൊഴിൽ തേടുന്ന കേരളീയരുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിന് ഒരു പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

133 (2446) വിദേശ മലയാളികൾക്ക് ക്ഷേമപദ്ധതികൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വിവിധ ജോലികളിൽ എത്ര കേരളീയർ ഏർപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly